LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ അനന്ത

152 (2648) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ അനന്തയിൽ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം നീക്കം ചെയ്ത അനധികൃത നിർമ്മിതികൾ, ഫ്ലക്സ് ബോർഡുകൾ, മറ്റ് പരസ്യ ബോർഡുകൾ എന്നിവയുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ അനന്തയുടെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തമ്പാനൂർ എസ്.എസ്. കോവിൽ റോഡിന്റെ ആരംഭസ്ഥാനത്ത് നിന്നും പഴവങ്ങാടി തോടിലേയ്ക്ക് ഏകദേശം 30 ലക്ഷം രൂപയുടെ അടങ്കൽ തുക വരുന്ന ഒരു ഓടയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കിഴക്കേക്കോട്ടയിൽ അഭേദാശ്രമം മുതൽ തെക്കനംകര കനാൽവരെ (170 മീറ്റർ) നിലവിലുണ്ടായിരുന്ന ഓട പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചുവരികയാണ്. ഇതിന്റെ അടങ്കൽ തുക 129 ലക്ഷം രൂപയാണ്.

(ബി) ഇതിനുവേണ്ടി ഒരു ബസ് കാത്തിരിപ്പ് കേന്ദ്രം നീക്കം ചെയ്തിട്ടുണ്ട്.

കുന്നമംഗലം നിയോജകമണ്ഡലത്തിലെ പാലങ്ങൾ

153 (2649) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട ഏതെല്ലാം പാലങ്ങൾക്ക് സാധ്യതാപഠനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട് ; സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കളിമാട് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ ?

(ഇ) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ പാലങ്ങൾ താഴെപ്പറയുന്നവയാണ് :

1. പുഴമ്പ്രം - ഒളവണ്ണ
2. ഒഴവണ്ണ - പള്ളിക്കടവ്
3. പടേരിക്കടവ്
4. മുക്കത്ത് കടവ്

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പാറക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാറക്കടവ് പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഇളിമാട് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ചു. മലപ്പുറം ജില്ലയിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ നടക്കുന്നത്.

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക്

154 (2650) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 212-ൽ കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മെഡിക്കൽ കോളേജ്-പെരിങ്ങോളം വരിട്ട്യാക്കിൽ റോഡ് വികസിപ്പിച്ച് ബൈപ്പാസാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly